പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2540 07.10.2016-ൽ മറുപടിക്ക്

# തൃപ്പൂണിത്തുറ ഹിൽപാലസ് പൈതൃക പഠനകേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള തൃപ്പൂണിത്തുറ ഹിൽപാലസിൽ പ്രവർത്തിക്കുന്ന പൈതൃക പഠനകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | (എ) | പൈതൃക പഠനകേന്ദ്രത്തിന്റെ നിയമാവലി അനുസരിച്ച് പൈതൃകവുമായി ബന്ധപ്പെട്ട വിവിധ പഠനമേഖലകളിൽ കോഴ്സുകളും, പരിശീലന പരിപാടികളും, ഗവേഷണങ്ങളും നടത്തുക; അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഈ രംഗത്ത് പ്രവർത്തിച്ചു വരുന്ന അദ്ധ്യാപകരെയും, മറ്റ് വിദഗ്ധന്മാരെയും പങ്കെടുപ്പിച്ച് വിവിധ പരിശീലന പരിപാടികൾ നടത്തുക. വിവിധ സർവ്വകലാശാലകളോടും, സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളോടും, മറ്റ് സ്വയംഭരണ സ്ഥാപനങ്ങളോടും ചേർന്ന് ഈ മേഖലയിൽ വിവിധ പദ്ധതികളും, പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക; ഈ രംഗത്ത് ദേശീയ നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പൈതൃക പദ്ധതികൾ നടപ്പിലാക്കുക എന്നിവ പഠനകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു. കൂടാതെ ഹിൽപാലസ് മ്യൂസിയം കാമ്പസിന്റെ പരിപാലനവും പഠനകേന്ദ്രമാണ് നിർവ്വഹിച്ചു വരുന്നത്. |
| (ബി) | പൈതൃകമായി ബന്ധപ്പെട്ട പഠനങ്ങളോ ഗവേഷണങ്ങളോ ഈ കേന്ദ്രത്തിൽ നടക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പൈതൃകവുമായി ബന്ധപ്പെട്ട പുരാവസ്തുപഠനം, പുരാരേഖാ പഠനം, കൺസർവേഷൻ എന്നീ വിഷയങ്ങളിൽ ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ പൈതൃക പഠനകേന്ദ്രം നടത്തി വരുന്നു. കൂടാതെ, എം.ജി.സർവ്വകലാശാലയുടെ കീഴിലുള്ള അഞ്ച് കോളേജുകളിലെ ചരിത്രം ഐച്ഛിക വിഷയമായെടുത്ത ബിരുദ വിദ്യാർത്ഥികൾക്കായി പ്രത്യേക ജോബ് ട്രെയിനിംഗ് കോഴ്സും സംഘടിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (സി) | 1. ആർക്കിയോളജി, ആർക്കൈവൽ സ്റ്റഡീസ്, കൺസർവേഷൻ എന്നീ വിഷയങ്ങളിൽ മൂന്ന് റഗുലർ പി.ജി. ഡിപ്ലോമ കോഴ്സുകൾ നടത്തുന്നു.<br>2. വിവിധ കോളേജുകളിലെ ചരിത്ര വിദ്യാർത്ഥികൾക്കായി ജോബ് ട്രെയിനിംഗ് പരിപാടികൾ നടത്തുന്നു.<br>3. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിലെ പഴയ രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു.<br>4. വിവിധ സാംസ്കാരിക കേന്ദ്രങ്ങളുടെയും, ചരിത്രകാരന്മാരുടെയും സഹകരണത്തോടെ ഗ്രന്ഥങ്ങൾ രചിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>5. 52 ഏക്കറോളം വരുന്ന ഹിൽപാലസ് മ്യൂസിയത്തിലെ പൂന്തോട്ടം, ഇരുന്നൂറ്റിമുപ്പതോളം മാനുകളുടെ മാൻപാർക്ക്, കുട്ടികളുടെ പാർക്ക് എന്നിവയുടെ പരിപാലനവും കേന്ദ്രത്തിന്റെ ചുമതലയിലാണ് നടന്നു വരുന്നത്. |
| (ഡി) | ഇവിടെ നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം ഉള്ളതാണോ ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ ? | (ഡി) | 07.10.2002 ലെ ജി.ഒ.(ആർ.റ്റി) നം. 344/2002/സിഎഡി നമ്പർ ഉത്തരവ് പ്രകാരം പി.ജി. ഡിപ്ലോമ കോഴ്സുകൾ നടത്തി വരുന്നു. ഈ കോഴ്സുകൾക്ക് നിലവിൽ ഏതെങ്കിലും സർവ്വകലാശാലയുടെയോ, പബ്ലിക് സർവ്വീസ് കമ്മീഷന്റെയോ അംഗീകാരമില്ല. 2005 വരെ ഈ കോഴ്സുകൾക്ക് കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചിരുന്നു. പൈതൃക പഠനകേന്ദ്രം നടത്തുന്ന ഡിപ്ലോമാ കോഴ്സുകൾക്ക് തത്തുല്യമായ വിഷയങ്ങളിലെ ഡിപ്ലോമാ കോഴ്സുകൾ കേരളത്തിലെ മറ്റൊരു സർവ്വകലാശാലയും നടത്തുന്നില്ല എന്നതാണ് ടി കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാത്തതിന് കാരണമെന്ന് സി.എച്ച്.എസ്. രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ